## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2580 18.06.2014 ൽ മറുപടിയ്ക്ക്

**പട്ടികജാതി, പരിവർത്തിത വിഭാഗക്കാർ എടുത്ത വിവധയിനം വായ്പകൾ എഴുതിത്തള്ളൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പട്ടികജാതി, പരിവർത്തിത വിഭാഗത്തിൽപ്പെടുന്നവർ സർക്കാർ വകുപ്പുകൾ, വിവിധ കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതിൽ കുടിശ്ശികയായിട്ടുള്ളതും, തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ വിവിധയിനം വായ്പകൾ എഴുതിത്തള്ളാൻ ഉത്തരവ് ഇറക്കിയിട്ടുള്ളത് ഏത് തീയതിയിലാണെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) | സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ, പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവർ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും, 31/03/2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 25,000/- രൂപ വരെയുള്ള വായ്പകളുടെ 25,000/- രൂപ വരെയുള്ള ബാദ്ധ്യതകൾ എഴുതിതള്ളുന്നതിനും അതിനു മുകളിലുള്ള തുകയുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണയായി തീർപ്പാക്കുന്നതിനും 12/11/2009 ലെ സ.ഉ(അച്ചടി) നം. 100/2009/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. ഈ പദ്ധതിയുടെ കാലാവധി പല ഉത്തരവുകളിലായി 31/12/2012 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. തുടർന്ന് പ്രസ്തുത ഉത്തരവിലൂടെ പുറപ്പെടുവിച്ച പദ്ധതിക്ക് കൂടുതൽ പ്രയോജനം വരത്തക്കവിധം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, സഹകരണസ്ഥാപനങ്ങൾ, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് എന്നിവയിൽ നിന്ന് എടുത്തിട്ടുള്ളതും, 31/03/2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പ കുടിശ്ശികയിന്മേൽ, സർക്കാരിന് ഏറ്റെടുക്കാവുന്ന ബാധ്യതയുടെ പരിധിയും അത്തരം കേസുകളിലെ വായ്പ്പത്തുകയുടെ പരിധിയും, 12/11/2009 ലെ ജി.ഒ.(പി) നമ്പർ 100/09/പജപവവിവ എന്ന ഉത്തരവിൽ പ്രതിപാദിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി 25,000/- രൂപയിൽ നിന്ന് 50,000/- രൂപയായി വർദ്ധിപ്പിച്ച് 10/12/2013 ലെ സ.ഉ(അച്ചടി) 99/2013/പജപവവിവ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. മേൽ ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഉത്തരവിൽ പരാമർശിച്ചിട്ടുള്ള തീയതിക്കുശേഷം എടുത്ത വായ്പ കുടിശ്ശികയായിട്ടുണ്ടെങ്കിൽ അത്തരം വായ്പകൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ; | (ബി) | സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ, സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31/03/2010 ന് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ 1,00,000/- രൂപ വരെയുള്ള വായ്പകൾ എഴുതി തള്ളുന്നതിനുള്ള പദ്ധതി പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | വായ്പ എഴുതിത്തള്ളൽ പദ്ധതിപ്രകാരം എത്രപേർക്ക് ഈ ആനുകൂല്യം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; എത്ര കോടി രൂപയാണ് ഇതുവഴി എഴുതിത്തള്ളിയതെന്ന് വ്യക്തമാക്കുമോ ; | (സി) | വായ്പ എഴുതിതള്ളൽ പദ്ധതിയിൽ സർക്കാർ അനുവദിച്ച തുകയുടെ ലിസ്റ്റ് അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു. എഴുതിത്തള്ളിയവരുടെ തുക, ആനുകൂല്യം ലഭിച്ചവരുടെ എണ്ണം എന്നീ വിവരങ്ങൾ വിവിധ സർക്കാർ വകുപ്പുകൾ, ബോർഡ്, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. വായ്പ എഴുതിതള്ളൽ പദ്ധതി പ്രകാരം 965 പരിവർത്തിത ക്രൈസ്തവർക്കായി 2,63,80,101/- രൂപയുടെ ആനുകൂല്യം കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ മുഖേന അനുവദിച്ച നൽകിയിട്ടുണ്ട്. |
| (ഡി) | വായ്പ എഴുതിത്തള്ളൽ പദ്ധതിയിൽ വായ്പ തുകയ്ക്ക് പരിധി നിശ്ചയിച്ചിരുന്നോയെന്നും എങ്കിൽ എത്രയാണെന്നും വ്യക്തമാക്കുമോ; | (ഡി) | 12/11/2009 ലെ സ.ഉ(അച്ചടി) നം. 100/2009/പജപവവിവ നമ്പർ ഉത്തരവ് പ്രകാരമുള്ള വായ്പ എഴുതിതള്ളൽ പദ്ധതിയിൽ പരിഗണിക്കുന്ന വായ്പാ തുക 25,000/- രൂപയായിരുന്നു. 10/12/2013 ലെ സ.ഉ(അച്ചടി) 99/2013/പജപവവിവ ഉത്തരവ് പ്രകാരം പട്ടികജാതി വിഭാഗക്കാർക്കായി പുറപ്പെടുവിച്ച വായ്പ എഴുതി തള്ളൽ പദ്ധതിയിൽ പരിഗണിക്കുന്ന വായ്പാ പരിധി 50,000/- രൂപയാണ്. |
| (ഇ) | ഈ പദ്ധതിക്കായി അനുവദിച്ചിരുന്ന സമയപരിധി എന്നാണ് അവസാനിച്ചതെന്ന് വ്യക്തമാക്കുമോ; പല കാരണങ്ങളാലും ഈ സമയപരിധികളിൽ അപേക്ഷ നൽകാൻ കഴിയാതിരുന്ന ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് ഒരവസരം കൂടി നൽകാൻ തയ്യാറാകുമോ; വായ്പാ പരിധി ഒരു ലക്ഷം രൂപവരെയാക്കി ഉയർത്തി പരമാവധി ആനുകൂല്യം നൽകാൻ നടപടി സ്വീകരിക്കുമോ? | (ഇ) | 12/11/2009 ലെ സ.ഉ(അച്ചടി) നം. 100/2009/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം പട്ടികജാതി/പരിവർത്തിത ക്രൈസ്തവ വിഭാഗക്കാർക്കായി പ്രഖ്യാപിച്ച കടം എഴുതി തള്ളൽ പദ്ധതിയുടെ സമയപരിധി 30/06/2012 വരെ ആയിരുന്നു. തുടർന്ന് പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവർക്ക് ടി പദ്ധതിയിൽ അപേക്ഷിക്കുന്ന കാലാവധി 31/12/2012 വരെ ദീർഘിപ്പിച്ചിരുന്നു. ഇപ്പോൾ വായ്പ എഴുതി തള്ളൽ പദ്ധതിയിൻകീഴിൽ സർക്കാർ ഏറ്റെടുക്കുന്ന പട്ടികജാതി വിഭാഗക്കാരുടെ വായ്പാ പരിധി 25,000/- രൂപയിൽ നിന്നും 50,000/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ ടി ആനുകൂല്യത്തിന് അപേക്ഷിക്കുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടില്ല. സമയപരിധി നിശ്ചയിച്ചിരുന്ന പദ്ധതികളിൽ അപേക്ഷിക്കാൻ കഴിയാതിരുന്നവർക്ക് ഒരവസരം കൂടി നൽകുന്ന വിഷയം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ, സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31/03/2010 ന് കാലാവധി കഴിഞ്ഞ് കടിശ്ശികയായിട്ടുള്ളതുമായ 1,00,000/- രൂപ വരെയുള്ള വായ്പകൾ എഴുതി തള്ളുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. |

Sali. K.J

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**